"ഭരണഭാഷ- മാതൃഭാഷ"

Azadi Ka Amrit Mahotsav

150 YEARS OF CELEBRATING THE MAHATMA

കേരള സർക്കാർ

സംഗ്രഹം

കാസറഗോഡ് വികസന പാക്കേജ് - പ്രൊജക്ട് ഇംപ്ലിമെന്റേഷൻ യൂണിറ്റിലെ പ്രൊജക്ട് മാനേജർ, പ്രൊജക്ട് അസിസ്റ്റന്റ് തസ്തികകളിലെ ജീവനക്കാരുടെ കരാർ കാലാവധി ഒരു വർഷത്തേക്ക് കൂടി ദീർഘിപ്പിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ആസൂത്രണ സാമ്പത്തികകാര്യ (എ) വകുപ്പ്

സ.ഉ.(സാധാ) നം.223/2024/P&EA　　　　　　　　തിരുവനന്തപുരം, 13-06-2024

---

പരാമർശം:-

1. സ.ഉ(സാധാ)നം373/2014/പ്ലാനിംഗ് തീയതി 13.08.2014.
2. കാസറഗോഡ് ജില്ലാ കളക്ടറുടെ 24.02.2015 ലെ 1050(126)/ 2014-12/കെഡിപി/ഡിപിഒ/കെഎസ്ഡി ഉത്തരവ്.
3. സ.ഉ(സാധാ) നം.56/2017/ധന തീയതി 28.04.2017
4. സ.ഉ(സാധാ) നം.84/2023/P&EA തീയതി 04.03.2023
5. സ.ഉ(സാധാ) നം.281/2023/P&EA തീയതി 07.07.2023
6. കാസറഗോഡ് ജില്ലാ കളക്ടറുടെ 25.01.2024 ലെ DCKSGD/11759/2023-PAM/KDP നമ്പർ കത്ത്.

ഉത്തരവ്

ഡോ. പ്രഭാകരൻ കമ്മീഷൻ ശുപാർശയുടെ അടിസ്ഥാനത്തിൽ കാസറഗോഡ് ജില്ലയുടെ വികസനത്തിനായി പരാമർശം (1) പ്രകാരം പുറപ്പെടുവിച്ച മാർഗ്ഗനിർദ്ദേശത്തിൽ കാസറഗോഡ് വികസന പാക്കേജ് നടപ്പിലാക്കുന്നതിനായി ജില്ലയിൽ ഒരു പ്രൊജക്ട് ഇംപ്ലിമെന്റേഷൻ യൂണിറ്റ് (പി.ഐ.യു) രൂപീകരിക്കുന്നതിനും 3-4 ജീവനക്കാരെ കരാർ അടിസ്ഥാനത്തിൽ നിയമിക്കുന്നതിനും നിർദ്ദേശിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ കാസറഗോഡ് ജില്ലാ കളക്ടറുടെ പരാമർശിത ഉത്തരവ് (2) പ്രകാരം ജില്ലയിൽ 4 കരാർ ജീവനക്കാരെ (പ്രൊജക്ട് മാനേജർ - 1, പ്രൊജക്ട് അസിസ്റ്റന്റ് (ടെക്നിക്കൽ) - 1, പ്രൊജക്ട് അസിസ്റ്റന്റ് (മാനേജീരിയൽ) - 1, പ്രൊജക്ട് അസിസ്റ്റന്റ് (ഐ.ടി) -1) ഉൾപ്പെടുത്തി ഒരു പ്രൊജക്ട് ഇംപ്ലിമെന്റേഷൻ യൂണിറ്റ് (പി.ഐ. യു) രൂപീകരിച്ചിരുന്നു.

2. കരാർ ജീവനക്കാരുടെ വേതനം പുതുക്കി നിർണ്ണയിച്ചുകൊണ്ട് സർക്കാർ പുറപ്പെടുവിച്ച പരാമർശിത ഉത്തരവ് (3) പ്രകാരം വകുപ്പ് മേധാവിക്ക് ബോധ്യപ്പെടുന്നപക്ഷം ഒരു വർഷത്തേക്കു കൂടി കരാർ കാലാവധി ദീർഘിപ്പിച്ചു നൽകാവുന്നതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. നിലവിലുള്ള കരാർ ജീവനക്കാരുടെ കരാർ കാലാവധി 2023 മാർച്ച്, ഏപ്രിൽ മാസങ്ങളിൽ അവസാനിച്ച സാഹചര്യത്തിൽ കാസറഗോഡ് ജില്ലാ കളക്ടറുടെ അഭ്യർത്ഥനയിന്മേൽ കാസറഗോഡ് വികസന പാക്കേജ് പ്രൊജക്ട് ഇംപ്ലിമെന്റേഷൻ യൂണിറ്റിലെ പ്രൊജക്ട് മാനേജർ, പ്രൊജക്ട് അസിസ്റ്റന്റ് എന്നീ തസ്തികകളിലെ ജീവനക്കാരുടെ കരാർ കാലാവധി പരാമർശം 5 പ്രകാരം ഒരു വർഷം കൂടി

ദീർഘിപ്പിച്ച നൽകിയിരുന്നു.

3. തുടർന്ന് പ്രസ്തുത കരാർ ജീവനക്കാരുടെ കരാർ കാലാവധി 2023 ഡിസംബർ മാസവും 2024 മാർച്ച്, ഏപ്രിൽ മാസങ്ങളിലും പൂർത്തിയായ സാഹചര്യത്തിൽ കാസറഗോഡ് വികസന പാക്കേജ് നടപ്പിലാക്കുന്നതിന് പരിചയസമ്പന്നരായ ജീവനക്കാരുടെ സേവനം അത്യാവശ്യമാണെന്നും നിലവിലെ ജീവനക്കാരുടെ ഉയർന്ന വിദ്യാഭ്യാസ യോഗ്യതയും പ്രവർത്തനപരിചയവും കാസറഗോഡ് വികസന പാക്കേജിൽ പദ്ധതികളുടെ സുഗമമായ പൂർത്തീകരണത്തിന് വളരെയധികം ഉപകാരപ്രദമായതിനാൽ ടി ജീവനക്കാരുടെ പരിചയസമ്പന്നത കണക്കിലെടുത്ത് പ്രൊജക്റ്റ് ഇംപ്ലിമെന്റേഷൻ യൂണിറ്റിലെ പ്രൊജക്റ്റ് മാനേജർ, പ്രൊജക്റ്റ് അസിസ്റ്റന്റ് എന്നീ തസ്തികകളിലെ ജീവനക്കാരുടെ കരാർ കാലാവധി ദീർഘിപ്പിച്ച നൽകണമെന്ന് പരാമർശം 6 പ്രകാരം കാസറഗോഡ് ജില്ലാ കളക്ടർ അഭ്യർത്ഥിച്ചിരുന്നു.

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കാസർഗോഡ് വികസന പാക്കേജിലെ പ്രത്യേക സാഹചര്യം കണക്കിലെടുത്തും പരിചയസമ്പന്നരായ ജീവനക്കാർ തുടരേണ്ടതിന്റെ വ്യക്തമായ ആവശ്യകത ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിട്ടുള്ളതിനാലും കാസറഗോഡ് വികസന പാക്കേജിലെ പദ്ധതികളുടെ ദ്രുതഗതിയിലുള്ള പൂർത്തീകരണത്തിനായി പ്രൊജക്റ്റ് ഇംപ്ലിമെന്റേഷൻ യൂണിറ്റിൽ, കരാർ അടിസ്ഥാനത്തിൽ നിയമിക്കപ്പെട്ട പ്രൊജക്റ്റ് മാനേജർ, പ്രൊജക്റ്റ് അസിസ്റ്റന്റ് (മാനേജീരിയൽ), പ്രൊജക്റ്റ് അസിസ്റ്റന്റ് (ഐ.ടി) എന്നീ തസ്തികകളിലെ താഴെപ്പറയുന്ന ജീവനക്കാരുടെ കരാർ കാലാവധി, " ഈ പ്രൊജക്ടിലോ അല്ലെങ്കിൽ വകുപ്പിന് കീഴിലെ മറ്റ് ഏതെങ്കിലും തസ്തികയിലോ ഭാവിയിൽ സ്ഥിരപ്പെടുത്തുന്നതിന് യാതൊരു അവകാശവാദവും ഉന്നയിക്കുന്നതല്ല " എന്ന ഒരു നിബന്ധന കൂടി കരാറിൽ ഉൾപ്പെടുത്തി, നിലവിലുള്ള കരാർ നിയമനം സംബന്ധിച്ച വ്യവസ്ഥകൾക്ക് വിധേയമായി ചുവടെ ചേർക്കുന്ന പട്ടികയിലെ 5-ാം കോളത്തിൽ സൂചിപ്പിച്ചിരിക്കുന്ന പ്രകാരം ഒരു വർഷത്തേക്കു കൂടി ദീർഘിപ്പിച്ചു കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

| ക്രമ നം. (1) | ജീവനക്കാരുടെ പേര് (2) | തസ്തിക (3) | കരാർ കാലാവധി അവസാനിക്കുന്ന തീയതി (4) | ദീർഘിപ്പിച്ചു നൽകുന്ന കരാർ കാലാവധി (5) |
|---|---|---|---|---|
| 1. | ശ്രീ.തങ്കച്ചൻ.എം.എം | പ്രൊജക്റ്റ് മാനേജർ | 22.04.2024 | 24.04.2024- 23.04.2025 |
| 2. | ശ്രീമതി.ബിന്ദുമോൾ | പ്രൊജക്റ്റ് അസിസ്റ്റന്റ് (മാനേജീരിയൽ) | 12.03.2024 | 14.03.2024-13.03.2025 |
| 3. | ശ്രീ.അബ്ദുൾ സാബിത്ത്.എം.കെ | പ്രൊജക്റ്റ് അസിസ്റ്റന്റ് (ഐടി) | 12.03.2024 | 14.03.2024-13.03.2025 |
| 4. | ശ്രീമതി.അനുശ്രീ.ടി.വി | പ്രൊജക്റ്റ് മാനേജർ (ടെക്നിക്കൽ) | 06.12.2023 | 08.12.2023-07.12.2024 |

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

സ്മിത ബി ചന്ദ്ര

അണ്ടർ സെക്രട്ടറി

ജില്ലാ കളക്ടർ, കാസറഗോഡ്

പ്രിൻസിപ്പൽ അക്കണ്ടന്റ് ജനറൽ (ആഡിറ്റ്) തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ) തിരുവനന്തപുരം

അഡീഷണൽ ചീഫ് സെക്രട്ടറി (ധനകാര്യ വകുപ്പ്)

മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്, തിരുവനന്തപുരം

ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്, കാസറഗോഡ്

ചീഫ്, അഗ്രികൾച്ചർ ഡിവിഷൻ, സംസ്ഥാന ആസൂത്രണ ബോർഡ്

സ്പെഷ്യൽ ഓഫീസർ, കാസറഗോഡ് വികസന പാക്കേജ്

ജില്ലാ പ്ലാനിംഗ് ഓഫീസർ, കാസറഗോഡ്

ധനകാര്യ(വ്യയം) വകുപ്പ് (23.03.2024 ലെ Exp-B3/438/2022-FIN പ്രകാരം)

വെബ് & ന്യൂ മീഡിയ (ഐ& പി.ആർ.ഡി)

സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Alen Alphonse
Date: 14-06-2024 10:11:19
സെക്ഷൻ ഓഫീസർ

പകർപ്പ്:-
ബഹു.മുഖ്യമന്ത്രിയുടെ പി.എസ് ന്
ചീഫ് സെക്രട്ടറിയുടെ സ്റ്റാഫ് ഓഫീസർക്ക്
ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ യ്ക്ക്
ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ സി.എ യ്ക്ക്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി



File No. PLGEA-A1/288/2022-PLGEA (Computer No. 2250922)
Generated from eOffice by JYOTHI S O, SG ASST (A1) PLG&EA, SG ASST (A1) PLG&EA, Planning & Economic Affairs on 14/06/2024 10:42 AM